"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- ദുരന്ത സാധ്യത മേഖലയിൽ നിന്നും മാറ്റിപാർപ്പിക്കേണ്ടവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി.ജാനകി.എ, ശ്രീമതി.ജയശ്രീ കല്ലേൻ എന്നിവർക്ക് വീടും സ്ഥലവും വാങ്ങുന്നതിനുള്ള 10 ലക്ഷം രൂപ ഒരുമിച്ച് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.374/2025/DMD തീയതി,തിരുവനന്തപുരം, 04-06-2025

---

പരാമർശം:-

1. സ.ഉ(സാധാ)നം.700/2024/ഡിഎംഡി, തീയതി 07/09/2024
2. കണ്ണൂർ ജില്ലാ കളക്ടറുടെ 26/04/2025 ലെ DCKNR/8007/2018 -DM1 നമ്പർ കത്ത്
3. സ.ഉ(കൈ)നം.25/2019/ഡിഎംഡി, 23/08/2019

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിലെ കുണ്ടൻചാൽ കോളനിയിൽ മണ്ണിടിച്ചൽ സാധ്യതയുള്ള പ്രദേശത്ത് താമസിക്കുന്ന 7 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) കുണ്ടൻചാൽ കോളനിയിൽ നിന്നും പുനഃരധിവസിപ്പിക്കുന്നതിന് 10 ലക്ഷം അനുവദിക്കപ്പെട്ടവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.ജാനകി.എ, ശ്രീമതി.ജയശ്രീ, കല്ലേൻ എന്നീ കക്ഷികൾ വീട് ഉൾപ്പെടെയുള്ള സ്ഥലം പുനഃരധിവാസത്തിനായി കണ്ടെത്തിയിട്ടുള്ളതായും, ടി കക്ഷികൾ കണ്ടെത്തിയ പ്രസ്തുത സ്ഥലങ്ങളുടെ മൂല്യം ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാരും വീടുകളുടെ മൂല്യം പൊതുമരാമത്ത് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എൻജിനീയർ, തലശ്ശേരിയും നിശ്ചയിച്ച് നൽകിയത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| നമ്പർ | വില്ലേജ്, താലൂക്ക്, സർവ്വെ നമ്പർ | വിൽക്കുന്നയാൾ | വാങ്ങുന്നയാൾ | ഭൂവിസ്തീർണ്ണം | ഭൂമിയുടെ മതിപ്പ് വില (ആകെ) |
|---|---|---|---|---|---|
| 1 | മയ്യിൽ വില്ലേജ്, തളിപ്പറമ്പ താലൂക്ക്, 7/104 | ശ്രീ.സജീവൻ എം | ശ്രീമതി. ജാനകി.എ | 0.03734 H | 2,00,371/- |
| 2 | കണ്ണാടിപ്പറമ്പ വില്ലേജ്, കണ്ണൂർ താലൂക്ക്, 68/6 | ശ്രീമതി.ശ്രീജ | ശ്രീമതി. ജയശ്രീ കല്ലേൻ | 0.00910 H | 75,080/- |

മേൽ ലിസ്റ്റ് പ്രകാരം ശ്രീമതി.ജാനകി.എ എന്നവർ വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിനും വീടിനും കൂടി ആകെ 12,32,601/- രൂപയും, ശ്രീമതി.ജയശ്രീ കല്ലേൻ എന്നവർ വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിനും വീടിനും കൂടി ആകെ 11,07,010/- രൂപയുമാണ് മൂല്യം

കണക്കാക്കിയിട്ടുള്ളതായും, മേൽ പരാമർശിച്ച ഗുണഭോതാക്കൾക്ക് സ്ഥലത്തിനും വീടിനും പ്രത്യേകമായി തുക അനുവദിക്കുന്നതിന് പകരം വീട് ഉൾപ്പെടെയുള്ള സ്ഥലത്തിന്റെ ആകെ മൂല്യം പരിഗണിച്ച് 10 ലക്ഷം രൂപ ഒരുമിച്ച് അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുണ്ട്.

3) ദുരന്ത സാധ്യത മേഖലയിൽ ആണ് എന്ന് ജിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോ, സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി നിയോഗിച്ച വിദഗ്ധ സംഘമോ പഠനം നടത്തി, വാസയോഗ്യമല്ലായെന്ന് കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച വീടുള്ള വസ്തുവിൽ നിന്നും മാറി വസ്തുവാങ്ങി വീട്നിർമിക്കുന്നതിനോ വീടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിനോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ അനുവദിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദുരന്ത സാധ്യത മേഖലയിൽ നിന്നും മാറ്റിപാർപ്പിക്കേണ്ടവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. ജാനകി.എ, ശ്രീമതി.ജയശ്രീ കല്ലേൻ എന്നിവർക്ക് വീടും സ്ഥലവും വാങ്ങുന്നതിനുള്ള 10 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരുമിച്ച് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 04-06-2025 14:47:50**
സെക്ഷൻ ഓഫീസർ